(ഇ) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വാടക ഇനത്തിൽ എത്ര തുക വരുമാനം ലഭിച്ചു എന്നതിന്റെ വിശദമായ സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രത്യേക കേസായി ചിലപ്പോൾ അനുവദിക്കാറുണ്ട്.

(ബി ആന്റ് സി) കെ.പി.സി.സി.-യുടെ എക്സിക്യൂട്ടീവ് യോഗം 9-6-2003, 23-2-2004, 2-6-2004 തീയതികളിൽ ഇവിടെ വച്ച് നടത്തിയിട്ടുണ്ട്.

(ഡി ആന്റ് ഇ) കോൺഫറൻസ് ഹാൾ/സെമിനാർ ഹാൾ എന്നിവ അനുവദിക്കുന്നതു സംബന്ധിച്ച 8-3-1995-ലെ പതിനാലാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വാടക ഇനത്തിൽ ലഭിച്ച വരുമാനം ഇപ്രകാരമാണ്.

1999-2000	. .	1,57,000	രൂപ
2000-2001	. .	1,48,500	,,
2001-2002	. .	1,92,500	,,
2002-2003	. .	2,12,800	,,
2003-2004	. . .	3,02,050	,,

പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ പുസ്തകങ്ങൾ

150 [1560] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ പുസ്തകങ്ങൾ, പോസ്റ്ററുകൾ, പാംഫ്ലെറ്റുകൾ ഇവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ പ്രസിദ്ധീകരണത്തിനും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ പരസ്യത്തിലൂടെ സർക്കാരിന് എന്തു തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുടിശ്ശിക ഉണ്ടെങ്കിൽ പ്രസ്തുത തുക എത്രയെന്നും, അതു നൽകേണ്ട സ്ഥാപനം ഏതെന്നും വ്യക്തമാക്കുമോ;

(ഇ) ഓരോ പ്രസിദ്ധീകരണത്തിന്റേയും ഡിസൈൻ ലേഔട്ട്, അച്ചടി എന്നിവ നടത്തിയ സ്ഥാപനം ഏതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവര-പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അച്ചടിപ്പിച്ച പ്രസിദ്ധീകരണങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ നിന്നും ന്യൂഡൽഹി ഓഫീസിൽ നിന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇവയിൽ പരസ്യം നൽകാറില്ല.

(ഡി) ബാധകമല്ല.

(ഇ) ഡയറക്ടറേറ്റിൽ നിന്നും അച്ചടിപ്പിച്ചിട്ടുള്ള പ്രസിദ്ധീകരണങ്ങളുടെ ലേഔട്ട് ഇവിടെത്തന്നെ ചെയ്യിപ്പിച്ചിട്ടുള്ളതാണ്.

ജില്ലാ ഓഫീസുകളിൽ നിന്നുമുള്ള വിവരം ശേഖരിച്ചുവരുന്നു.

ദൃശ്യ-മാധ്യമ പ്രവർത്തകർക്ക് പെൻഷൻ

151 [1561] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദൃശ്യ-മാധ്യമ പ്രവർത്തകർക്കും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രവർത്തിക്കുന്നവർക്കും പെൻഷൻ നൽകുന്നതിന് സർക്കാർ നടപടികളെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പെൻഷൻ വിതരണം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ദൃശ്യ-മാധ്യമ പ്രവർത്തകർക്കും ആനുകാലികങ്ങളിലുള്ളവർക്കും പെൻഷൻ നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്.

† അനുബന്ധം IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly